Mathrubhumi 13-02-19, p-6

# നമ്മളറിയുന്നുണ്ടോ, മുരിങ്ങ ലോകം കീഴടക്കുന്നു!

**ആഗോളവിപണിയിൽ 27,000 കോടി രൂപയുടെ വിൽപ്പന**

**2020-ൽ 47,250 കോടി കടക്കുമെന്ന് വിലയിരുത്തൽ**

**സി. സാന്ദീപനി**
കോട്ടയത്ത്

▶ മുരിങ്ങയുടെ ജന്മദേശമാണ് ഇന്ത്യ. എന്നാൽ, മുരിങ്ങ ഒരു 'അദ്ഭുതഭക്ഷണ'മായി ലോകവിപണി കീഴടക്കുന്ന കാര്യം എത്രപേർക്കറിയാം? ആഗോള വിപണിയിൽ മുരിങ്ങ ഉത്പന്നങ്ങളുടെ വാർഷികവിൽപ്പന 27,000 കോടി രൂപയിലേറെയാണ്.

കേന്ദ്രസർക്കാരിനുകീഴിലുള്ള അഗ്രിക്കൾച്ചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെൻറ് അതോറിറ്റിയുടെ കണക്കാണിത്. വർഷംതോറും പത്തുശതമാനത്തോളം വിൽപ്പന വർധിക്കുന്നു. ഇതനുസരിച്ച് 2020-ഓടെ മുരിങ്ങയുടെ ആഗോളവിപണി 47,250 കോടി രൂപ കടക്കും.

മികച്ച ഔഷധമായും പോഷകങ്ങൾ നിറഞ്ഞ 'സൂപ്പർഫുഡാ'യും യൂറോപ്പും അമേരിക്കയും മുരിങ്ങയെ സ്വീകരിച്ചതോടെയാണ് മുരിങ്ങ ഉത്പന്നങ്ങൾക്ക് സാധ്യതയേറിയത്. ലോകാരോഗ്യ സംഘടനയും യൂണിസെഫും മുരിങ്ങയെ സൂപ്പർഫുഡ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഓൺലൈൻ വിപണിനോക്കിയാൽ മുരിങ്ങയുടെ 'ഡിമാൻറ്' മനസ്സിലാക്കാം.

ഒരു കിലോഗ്രാം മുരിങ്ങയില ഉണക്കിപ്പൊടിച്ചതിന് 900 മുതൽ 2000 രൂപവരെ വിലയുണ്ട്. അമേരിക്കയിൽ 30 ഡോളർ (2100 രൂപയിലേറെ) വരും. മുരിങ്ങാപ്പൊടിയുടെ 60 കാപ്സൂളിന് 700 രൂപയാണ് വില. മുരിങ്ങക്കുരു എണ്ണ ലിറ്ററിന് ഇന്ത്യയിൽ 3000 രൂപയാണെങ്കിൽ അമേരിക്കയിൽ നാല് ഔൺസിന് 3500 രൂപയാണ്. മുരിങ്ങപ്പൂവിൽനിന്നുള്ള തേനിന്, മുരിങ്ങ ധാരാളമുള്ള തമിഴ്നാട്ടിൽത്തന്നെ സാധാരണ തേനിനെക്കാൾ കിലോയ്ക്ക് 200-ഉം 300-ഉം രൂപ കൂടുതലുണ്ട്. ഇംഗ്ലണ്ടിൽ ബാറുകളിലും മദ്യം കഴിക്കാനെത്തുന്നവർക്ക് കരൾരോഗത്തെ പ്രതിരോധിക്കാൻ മുരിങ്ങയിലപ്പൊടി നൽകുന്നുണ്ട്.



ഫിലിപ്പീൻസ്, നൈജീരിയ, കെനിയ തുടങ്ങിയ രാജ്യങ്ങളിൽ മുരിങ്ങയുണ്ടെങ്കിലും മികച്ച മുരിങ്ങ ഇന്ത്യയിലേതാണ്. ലോകത്ത് ആവശ്യമായ മുരിങ്ങയുടെ 80 ശതമാനവും ഇവിടെ ഉത്പാദിപ്പിക്കുന്നു. 43,600 ഹെക്ടറിൽ 22 ലക്ഷം ടൺ മുരിങ്ങാക്കായാണ് രാജ്യത്ത് ഉത്പാദിപ്പിക്കുന്നത്. ഇല, പൂവ്, തേൻ തുടങ്ങിയവ വേറെയും. കയറ്റുമതിയിൽ വർഷംതോറും 26 മുതൽ 30 ശതമാനംവരെ വർധനയുമുണ്ട്. ചൈന, അമേരിക്ക, കാനഡ, ദക്ഷിണകൊറിയ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കാണ് കയറ്റുമതി. തമിഴ്നാട്, ആന്ധ്ര, കർണാടക, ഒഡിഷ എന്നിവിടങ്ങളിൽ മുരിങ്ങ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നുണ്ടെങ്കിലും കേരളത്തിൽ ഇതിൻെറ സാധ്യത മനസ്സിലാക്കിയിട്ടില്ല.

## വരുന്നു, മികവിന്റെ കേന്ദ്രം

'സെൻറർ ഓഫ് എക്സലൻസ് ഇൻ മുരിങ്ങ' എന്ന പേരിൽ കന്യാകുമാരിയിലാണ് കേന്ദ്രം ഒരുങ്ങുന്നത്. 'മുരിങ്ങാകൃഷി, മുരിങ്ങയിൽനിന്നുള്ള വിവിധ ഉത്പന്നങ്ങളുണ്ടാക്കൽ, ഗവേഷണം തുടങ്ങിയ കാര്യങ്ങൾക്ക് ആശ്രയിക്കാവുന്ന കേന്ദ്രമാവും ഇതെന്ന് കേന്ദ്രത്തിന് നേതൃത്വം നൽകുന്ന ഡോ. പി. കമലാസനൻപിള്ള പറഞ്ഞു. മുരിങ്ങാകർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകും. ഏപ്രിലോടെ കേന്ദ്രം പൂർണമായി പ്രവർത്തനസജ്ജമാവും. ഇൻറർനാഷണൽ ഫണ്ട് ഫോർ അഗ്രിക്കൾച്ചറൽ ഡെവലപ്മെൻറ്, നബാർഡ്, ഏഷ്യൻ ഡെവലപ്മെൻറ് ബാങ്ക് എന്നിവയുടെ സഹായത്തോടെ സ്റ്റെല്ലാ മേരീസ് എന്ന ട്രസ്റ്റാണ് കേന്ദ്രം ആരംഭിക്കുന്നത്.